## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2551 — 18.02.2016 ലെ മറുപടിയ്ക്ക്

## പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പി.സി വിഷ്ണുനാഥ്<br>ശ്രീ.ജോസഫ് വാഴയ്ക്കൻ** | | ശ്രീ. എ.പി.അനിൽ കമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
| എ) | സംസ്ഥാനത്ത് പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾകണ്ടെത്താനും വികസിപ്പിക്കാനും എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ; | എ) | സംസ്ഥാനത്ത് 176 ടൂറിസ്റ്റ് ലൊക്കേഷനുകൾ നിലവിലുണ്ടെങ്കിലും ഗവൺമെന്റ് ഉത്തരവ് GO(Rt)No.1030/09/TSM തീയതി, 09.02.2009, GO(Rt)No.9926/10/TSM തീയതി, 21.12.2010 പ്രകാരം 51 സ്ഥലങ്ങളെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കിയുള്ള ടൂറിസം ലൊക്കേഷനുകൾ കൂടി ടൂറിസം കേന്ദ്രങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിനായി പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി പ്രൊപ്പോസൽ നൽകുന്നതിനുള്ള നിർദ്ദേശം നൽകി കഴിഞ്ഞു. ഇതനുസരിച്ച് ലഭിച്ച ചില പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അംഗീകാരം സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്. |
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | ടൂറിസം ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനമാണ് ലക്ഷ്യമിടുന്നത്. കൂടാതെ വിനോദസഞ്ചാരികൾക്ക് വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിന് വേണ്ടി സൗകര്യപ്രദമാകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി മെഗാ സർക്യൂട്ട് ഡെവലപ്മെന്റ്, ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് തുടങ്ങി വിവിധ പദ്ധതികൾ ഇതിനകം നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) | ടൂറിസം വകുപ്പിന്റെ കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനു വേണ്ടി അതാത് നിർവ്വഹണ ഏജൻസികളെ സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ, പദ്ധതി നടത്തിപ്പുകളുടെ പുരോഗതി വിലയിരുത്തുവാനും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും 14 ജില്ലകളിലും നിലവിലുള്ള ജില്ലാ ഓഫീസുകളുടെ മേൽ നോട്ടത്തിൽ പ്രോജക്ട് മോണിട്ടറിംഗ് സെൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ